# Desabhimani
# 28 August 2018
# Library Cleaning , Paravur, Library Workers from Kozhikode

## പറവൂരിലെ വായനശാലകൾ ശുചീകരിക്കാൻ കോഴിക്കോടുനിന്ന് ഗ്രന്ഥശാലാപ്രവർത്തകർ

**മൂവാറ്റുപുഴ**

പ്രളയദുരന്തത്തിൽപ്പെട്ട ചേന്ദമംഗലം പൊതുജന വായനശാലയ്ക്ക് കോഴിക്കോട്ടുനിന്നൊരു കൈത്താങ്ങ്. ചെളിയും വെള്ളവും കയറിയ വായനശാലയിൽ ഉണ്ടായിരുന്ന 9,000പുസ്തകങ്ങൾ മൂന്ന് മണിക്കൂറിനുള്ളിൽ കഴുകിയെടുത്ത് വെയിലത്ത് ഉണക്കാൻ വച്ചതിനുപുറമെ കെട്ടിടവും കഴുകി വൃത്തിയാക്കി ലൈബ്രറി പ്രവർത്തനം തുടങ്ങാവുന്ന നിലയിലാക്കി.



കോഴിക്കോട്ടെ അക്ഷരസ്നേഹികളായ ഒരുകൂട്ടം ചെറുപ്പക്കാർ, പ്രളയത്തിൽ മുങ്ങിപ്പോയ ചേന്ദമംഗലം പൊതുജന വായനശാല ശുചീകരിച്ച് പുസ്തകങ്ങൾ കഴുകിവൃത്തിയാക്കി ഉണങ്ങുന്നതിനായി പുറത്തിറക്കിവയ്ക്കുന്നു

കോഴിക്കോട് ജില്ലാ ലൈബ്രറി കൗൺസിൽ ജീവനക്കാരൻ രാജേഷ് കായലാടിന്റെ നേതൃത്വത്തിൽ മേപ്പയൂരിൽനിന്നും എത്തിയ ഗ്രന്ഥശാലാ പ്രവർത്തകരാണ് പറവൂർ താലൂക്കിലെ വായനശാലകൾ ശുചീകരിക്കാൻ തുടക്കമിട്ടത്. കെടാമംഗലം പാപ്പുക്കുട്ടി വായനശാലാ പ്രവർത്തകരും ഇവർക്കൊപ്പം ചേർന്നു. അക്ഷരസ്നേഹികളായ ചെറുപ്പക്കാരുടെ ഈ പ്രവർത്തനത്തെ ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എം ആർ സുരേന്ദ്രൻ അഭിനന്ദിച്ചു.

സ്വന്തമായി കെട്ടിടവും 9000പുസ്തകങ്ങളും, ടിവി, കംപ്യൂട്ടർ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളുമുള്ള വായനശാലയുടെ കെട്ടിടത്തിന്റെ പകുതിയിലധികം വെള്ളത്തിൽ മുങ്ങിയിരുന്നു. ഏകദേശം അഞ്ചര ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. ഇതടക്കം പറവൂർ താലൂക്കിലെ നിരവധി വായനശാലാ കെട്ടിടങ്ങൾ പ്രളയത്തിൽ മുങ്ങിയ വാർത്തയറിഞ്ഞാണ് രാജേഷ് കായലാടിന്റെ നേതൃത്വത്തിൽ മേപ്പയൂരിൽനിന്നും ഗ്രന്ഥശാലാ പ്രവർത്തകൾ എത്തിയത്. പറവൂർ താലൂക്കിലെ വെള്ളം കയറിയ മുഴുവൻ വായനശാലയും ശുചീകരിക്കുമെന്ന് രാജേഷ് കായലാട് പറഞ്ഞു.